MR. P. T. CHACKO : ഇന്നത്തേക്ക വച്ചിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ പ്രോഗ്രാമിൽ തന്നെ ഉൾപ്പെട്ടിട്ടുവാൻ ഞാനും മറ്റു പല മെംബറന്മാരും ചോദ്യങ്ങൾ അയച്ചിരുന്നു. സാധാരണ ഇവിടെ അയയ്ക്കുന്ന ചോദ്യങ്ങളിൽ ചുരുക്കം ചില ചോദ്യങ്ങൾക്കേ ഉത്തരം നൽകാറുള്ളൂ. മറ്റു ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരിക്കലും തരാതെയാണിരിക്കുന്നത്. അതുകൊണ്ട് ഇന്ന് ഉത്തരം പറയണമെന്നു കാണിച്ച് ഞാൻ അയച്ചിട്ടുള്ള ഒന്നു രണ്ടു ചോദ്യങ്ങൾ എങ്കിലും ഇപ്പോൾ ചോദിക്കുവാൻ എന്നെ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഈ സെഷനിലേക്ക് ഉദ്ദേശം ക്വസ്റ്റ്യൻ ചോദ്യങ്ങൾ ഉണ്ടായിരുന്നു. അതിൽ എട്ടോ, പത്തോ ചോദ്യങ്ങൾ ഒഴിച്ചു ബാക്കിയുള്ള ചോദ്യങ്ങളെല്ലാം ഞാൻ സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ഉത്തരം പറയേണ്ട ചോദ്യങ്ങൾക്കെല്ലാം മറുപടി തരണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഇന്നലെ ഉത്തരം തന്ന എല്ലാ ചോദ്യങ്ങളും ഇന്നത്തേക്കുള്ള അജൻറായിൽ ചേർത്തിട്ടുണ്ട്. 24 ചോദ്യങ്ങൾക്കു മാത്രമേ ഇന്നലെ ഉത്തരം വന്നിട്ടുള്ളൂ. കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ടേബിൾ ബുക്ക് തയാറാക്കേണ്ടതായിരുന്നു. ഇതുയും പറയാമെന്നല്ലാതെ ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയണമെന്നു മന്ത്രിമാരെ നിർബന്ധിക്കുന്നതിനു പ്രസിഡൻറ് എന്ന നിലയിൽ എനിക്കു യാതൊരധികാരവുമില്ല.

MR. P. T. CHACKO : ചോദ്യങ്ങളെ സംബന്ധിച്ച് ഞങ്ങൾക്കു വളരെ പരാതിയുണ്ട്. ഞങ്ങൾക്കു ചെയ്യാൻ കഴിയുന്നതു നിബന്ധനകളനുസരിച്ച് ക്ഞപ്പടിവസത്തിനു മുൻപ് തെറ്റു കൂടാതെ ചോദ്യങ്ങൾ അയച്ചുകൊടുക്കുക എന്നുള്ളതാണ്. എന്നാൽ ഇവിടെ നോക്കിയതിൽ ചിലരുടെ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം പറയുന്നതിനായി ലിസ്റ്റിൽ വരികയുള്ളൂ. ചിലരുടെ ചോദ്യങ്ങൾ വരുന്നതേ ഇല്ല. എല്ലാ ചോദ്യങ്ങൾക്കും കഴിയുന്നിടത്തോളം മറുപടി പറയത്തക്ക രീതിയിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഞാൻ പറഞ്ഞതിൽ കൂടുതലായി പ്രസിഡൻറിന് ഒരധികാരവുമില്ല. വേണമെങ്കിൽ ഇക്കാര്യത്തെ പറ്റി സഭ തന്നെ എന്തെങ്കിലും വ്യവസ്ഥ ചെയ്തുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : ഡിസ്അലൗ ചെയ്യുന്ന ചോദ്യങ്ങൾ എന്തുകൊണ്ടാണ് ഡിസ്അലൗ ചെയ്തതെന്ന് മുമ്പ് മെംബറന്മാരെ അറിയിക്കുന്ന പതിവ് ഉണ്ടായിരുന്നു.

MR. PRESIDENT : കാരണങ്ങൾ പറഞ്ഞുതന്നെയാണ് ചോദ്യങ്ങൾ ഡിസ്അലൗ ചെയ്യുന്നത്. അത് എല്ലാ മെംബറന്മാരെയും അറിയിക്കണമെന്ന് ഏർപ്പാട് ചെയ്തിട്ടുണ്ട്. മേലാൽ അപ്രകാരം അറിയിക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : സർ, സമയമില്ലായ്മകൊണ്ട് ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടുത്ത ദിവസം പറയുവാൻ ഏർപ്പാട് ചെയ്യുമോ?

MR. PRESIDENT : ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം അതായത് ദിവസം തന്നെ അസംബ്ളി മേശപ്പുറത്തു വയ്ക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : ഏതു മേശപ്പുറത്താണ് വച്ചിട്ടുള്ളതെന്ന് പറഞ്ഞാൽ കൊള്ളാം. ഞങ്ങളുടെ മേശപ്പുറത്ത് കണ്ടില്ല.

MR. PRESIDENT : അതേപ്പറ്റി ഞാൻ മുൻപ് പറഞ്ഞിട്ടുള്ളതാണ്. അസംബ്ളി സെക്രട്ടറിയുടെ മേശപ്പുറത്തു വയ്ക്കുകയാണ് പതിവ്.

MR. P. T. CHACKO : സർ, ഇന്നത്തേയ്ക്ക് ഉത്തരം പറയുവാൻ ഞാൻ അയച്ചിട്ടുള്ള ഒന്നരണ്ടു ചോദ്യങ്ങൾ ചോദിക്കുവാൻ ഇപ്പോൾ എന്നെ അനുവദിക്കുമോ?

MR. PRESIDENT : ഓർഡർ, ഓർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞു.

MR. N. V. CHACKO : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുമ്പോൾ അതിന് നംബർ ഇടുന്നതിനേപ്പറ്റിയുള്ള ഒരു സംശയം എനിക്കുണ്ട്. ഇപ്പോൾ അടിച്ചിരിക്കുന്ന ഡിമാൻറ് ഷീറ്റിൽ ഒരു നംബർ കൊടുത്തിട്ടുണ്ട്. എന്നാൽ ഡിമാൻറിന്റെ നംബറുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ആ നിലയ്ക്ക് ഞങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അയയ്ക്കുമ്പോൾ അതിന്റെഫാറത്തിൽ ഡിമാൻറ് നംബറിന്റെ സ്ഥാനത്ത് ഏതു നംബറാണ് കൊടുക്കേണ്ടതെന്നറിഞ്ഞാൽ കൊള്ളാം. ഞങ്ങൾക്ക് കിട്ടിയിട്ടുള്ള ഡിമാൻറ് ഷീറ്റിലെ നംബർ അനുസരിച്ചാണോ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly